പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1428 22.3.2013-ൽ മറുപടിക്ക്

നഗരസഭകളുടെ ഭൂമിയിൽ വിനോദസഞ്ചാര-
'വാണിജ്യ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, എം. എ. വാഹീദ്<br>,, അൻവർ സാദത്ത്<br>,, എ. റ്റി. ജോർജ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരസഭകളുടെ ഭൂമിയിൽ വിനോദ സഞ്ചാര-വാണിജ്യ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | എ) ആലപ്പുഴ നഗരസഭയിൽ ഇത്തരത്തിൽ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കൊല്ലം കോർപ്പറേഷനിൽ എം.ജി.പാർക്കിന് പദ്ധതി തുടങ്ങിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | ബി) ടൂറിസം സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും നഗരസഭയുടെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണിത്. |
| സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്ന ഏജൻസികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | സി) ആലപ്പുഴ നഗരസഭയിൽ ഹാബിറ്റാറ്റും ടൂറിസം വകുപ്പുമായി സഹകരിച്ച് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കൊല്ലം കോർപ്പറേഷനിൽ ഒരു പ്രൈവറ്റ് ഏജൻസി മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| ഡി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഡി) പ്രോജക്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ